بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khuthba Khulasa 29.03.2019 ഖുത്ബ സംഗ്രഹം

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്**

*29.03.2019 ന് ബൈത്തുൽ ഫുത്തൂഹ് ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം*

## നബി(സ)തിരുമേനിയുടെ മഹനീയസ്ഥാനികളായ ബദരീ സഹാബാക്കളുടെ വിശ്വാസം തുളുമ്പുന്ന സംഭവങ്ങളുടെ ഹൃദ്യവും മനോഹരവുമായ വിവരണം

اَشْھَدُ اَنْ لَّا اِلٰہَ اِلَّا اللّٰہُ وَحْدَہٗ لَا شَرِیْکَ لَہٗ وَ اَشْھَدُ اَنَّ مُحَمَّدًا عَبْدُہٗ وَرَسُوْلُہٗ۔ اَمَّا بَعْدُ

فَاَعُوْذُ بِاللّٰہِ مِنَ الشَّیْطٰنِ الرَّجِیْمِ۔ بِسْمِ اللّٰہِ الرَّحْمٰنِ الرَّحِیْمِ۔

اَلْحَمْدُ لِلّٰہِ رَبِّ الْعٰلَمِیْنَ ۞ اَلرَّحْمٰنِ الرَّحِیْمِ ۞ مٰلِکِ یَوْمِ الدِّیْنِ ۞ اِیَّاکَ نَعْبُدُ وَ اِیَّاکَ نَسْتَعِیْنُ ۞

اِھْدِنَا الصِّرَاطَ الْمُسْتَقِیْمَ ۞ صِرَاطَ الَّذِیْنَ اَنْعَمْتَ عَلَیْھِمْ ۙ غَیْرِ الْمَغْضُوْبِ عَلَیْھِمْ وَلَا الضَّآلِّیْنَ ۞

തശഹ്ഹുദും തഅവ്വുദും സൂറ: ഫാത്തിഹയും ഓതിയതിനുശേഷം ഹുസൂർ തിരുമനസ്സ് പറയുന്നു:

ഇന്ന് വിവരിക്കുന്ന ബദരീ സഹാബാക്കളിൽ ആദ്യത്തേത് ഹദ്റത്ത് തലീബ് ബിൻ ഉമയ്റിനെ കുറിച്ചാണ്. അദ്ദേഹത്തിന്റെ വിളിപ്പേര് അബൂ അദി എന്നായിരുന്നു. അർവ എന്നായിരുന്നു മാതാവിന്റെ പേര്. അവർ അബ്ദുൽ മുത്തലിബിന്റെ മകളും നബി(സ)യുടെ പിതൃസഹോദരിയുമായിരുന്നു. അദ്ദേഹം പ്രാരംഭകാലത്ത് തന്നെ ഇസ്ലാം സ്വീകരിച്ചിരുന്നു. ഇസ്ലാം സ്വീകരിച്ചതിന് ശേഷം അദ്ദേഹം തന്റെ മാതാവിന്റെ സമീപത്ത് എത്തി. അദ്ദേഹം പറഞ്ഞു: ഞാൻ മുഹമ്മദ്(സ)യുടെ ശിഷ്യത്വം സ്വീകരിക്കുകയും സർവ്വലോകനാഥനായ അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നു. അതിൽ അദ്ദേഹത്തിന്റെ മാതാവ് പറഞ്ഞു: നിന്റെ സഹായത്തിനും പിന്തുണയ്ക്കും കൂടുതൽ അവകാശി നിന്റെ മാതുലപുത്രനാകുന്നു. അതായത് നബി(സ). എന്നിട്ട് പറഞ്ഞു: അല്ലാഹുവാണ! ഞങ്ങൾ സ്ത്രീകൾക്കും പുരുഷൻമാരെ പോലെ ശക്തിയുണ്ടായിരുന്നെങ്കിൽ തീർച്ചയായും ഞങ്ങളും അദ്ദേഹത്തിന്റെ ശിഷ്യത്വം സ്വീകരിക്കുമായിരുന്നു. സഹായവും സംരക്ഷണവും നല്കുമായിരുന്നു. ഹദ്റത്ത് തലീബ് പറഞ്ഞു: പിന്നെ നിങ്ങൾ എന്ത്കൊണ്ട് ഇസ്ലാം സ്വീകരിച്ച് നബി(സ)യെ പിൻപറ്റുന്നില്ല, നിങ്ങളുടെ സഹോദരൻ, ഹംസ മുസ്ലിമായിരിക്കുന്നു. അവർ പറഞ്ഞു: ഞാൻ എന്റെ സഹോദരിമാരുടെ നിലപാട് എന്താണെന്ന് നോക്കട്ടെ. പിന്നെ ഞാനും അവരിൽ ചേരുന്നതാണ്. അതിൽ ഹദ്റത്ത് തലീബ് പറഞ്ഞു: ഞാൻ അല്ലാഹുവിനെ മുൻനിർത്തി നിങ്ങളോട് പറയുകയാണ്, നിങ്ങൾ റസൂലുല്ലാഹ്(സ)ന്റെ സമക്ഷം ചെന്ന് അദ്ദേഹത്തിന് സലാം പറയുക. അദ്ദേഹത്തെ സാക്ഷ്യപ്പെടുത്തുകയും അല്ലാഹുവല്ലാതെ മറ്റാരും ആരാധനയ്ക്കർഹനല്ലായെന്നും മുഹമ്മദ്(സ) അല്ലാഹുവിന്റെ റസൂലാണെന്നും സാക്ഷ്യം വഹിക്കുക. അതിൽ അദ്ദേഹത്തിന്റെ മാതാവ് പറഞ്ഞു: ഞാൻ സാക്ഷ്യം വഹിക്കുന്നു, അല്ലാഹുവല്ലാതെ മറ്റാരും ആരാധനയ്ക്കർഹനല്ലായെന്നും മുഹമ്മദ് (സ) അല്ലാഹുവിന്റെ റസൂലാണ്. പിന്നീട് അവർ തന്റെ നാവ് കൊണ്ട് നബി(സ)യെ സംരക്ഷിച്ച് കൊണ്ടിരുന്നു. തന്റെ മകനോടും അദ്ദേഹത്തെ സഹായിക്കണമെന്നും അനുസരിക്കണമെന്നും പറയുമായിരുന്നു.

അദ്ദേഹത്തെ കുറിച്ച് പറയുന്നു: അദ്ദേഹം നബി(സ)യെ അപമാനിച്ച കാരണത്താൽ ഒരു മുശ്രിക്കിനെ മുറിവേല്പ്പിച്ച ഇസ്ലാമിലെ ആദ്യ വ്യക്തിയാണ്. അതിന്റെ വിശദീകരണം ഇപ്രകാരമാണ്: ഒരിക്കൽ ഔഫ് ബിൻ സബ്റ സഹ്മി നബി(സ)യെ കുറിച്ച് കുത്തുവാക്കുകൾ പറയുകയായിരുന്നു. ഹദ്റത്തതലീബ് ഒട്ടകത്തിന്റെ താടിയെല്ല് കൊണ്ട് അയാളെ മുറിവേല്പിച്ചു. ആരോ അദ്ദേഹത്തിന്റെ മാതാവ് അർവയോട് പരാതിപ്പെട്ടു. നിങ്ങളുടെ മകൻ എന്താണ് ചെയ്തതെന്ന് നിങ്ങൾ കാണുന്നില്ലേ? അവർ അതിന് മറുപടിയായി പറഞ്ഞു:

اِنَّ طُلَيْبًا نَصَرَ ابْنَ خَالِہٖ وَسَعَاهُ فِيْ دَمِہٖ وَمَالِہٖ

തലീബ് തന്റെ മാതുലപുത്രനെ സഹായിച്ചിരിക്കുന്നു. അവൻ തന്റെ രക്തവും ധനവും കൊണ്ട് അദ്ദേഹത്തെ ആശ്വസിപ്പിച്ചു. ചില നിവേദനങ്ങളിൽ ഹദ്റത്ത് തലീബ് മുറിവേല്പ്പിച്ച വ്യക്തി, അബൂലഹബ് എന്നോ അബൂ ജഹൽ എന്നോ പറയപ്പെടുന്നു. മറ്റൊരു നിവേദനത്തിന്റെ അടിസ്ഥാനത്തിൽ അദ്ദേഹത്തിന്റെ ഈ കലഹത്തിനെ കുറിച്ച് മാതാവിനോട് പരാതിപ്പെട്ടപ്പോൾ അവർ പറഞ്ഞു:

തലീബിന്റെ ജീവിതത്തിലെ ഏറ്റവും നല്ല ദിവസം, അവൻ അല്ലാഹുവിൽ നിന്ന് സത്യത്തോട് കൂടിവന്ന തന്റെ മാതുലപുത്രൻ അഥവാ നബി(സ)യെ സംരക്ഷിച്ച ഈദിവസമാകുന്നു.

ഹദ്റത്ത് തലീബ് ഹബ്ശയിലേയ്ക്ക് ഹിജ്റത്ത്ചെയ്ത മുസ്ലിംങ്ങളിൽ ഉൾപ്പെടുന്നു. എന്നാൽ ഖുറൈശികൾ മുസ്ലിംങ്ങളായെന്ന് ഹബ്ശയിൽ കിംവദന്തി പരന്നപ്പോൾ അദ്ദേഹം മക്കയിലേയ്ക്ക് തിരിച്ച് വന്നു.

മദീനയിലേയ്ക്ക് ഹിജ്റത്ത് ചെയ്തതിന് ശേഷം അദ്ദേഹം ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ സലമാ അജ്ലമിയുടെ

അടുക്കൽ താമസിച്ചു. റസൂലുല്ലാഹ്(സ) ഹദ്റത്ത് തലീബിനും ഹദ്റത്ത് മുൻസിർ ബിൻ അംറിനുമിടയിൽ സഹോദരബന്ധം സ്ഥാപിച്ചു. അദ്ദേഹം ബദർ യുദ്ധത്തിൽ പങ്കെടുത്തു. അദ്ദേഹം മുതിർന്ന സഹാബക്കളിൽ എണ്ണപ്പെടുന്നു. അജ്നാദീൻ യുദ്ധവേളയിൽ 35-ാം വയസ്സിൽ അദ്ദേഹം ശഹാദത്ത് വരിച്ചു.

അടുത്തതായി വിവരിക്കുന്ന സഹാബിയുടെ പേര് ഹദ്റത്ത് സാലിം മൗലാ ഇബ്നു അബീ ഹുദയ്ഫ എന്നാണ്. അദ്ദേഹത്തിന്റെ വിളിപ്പേര് അബൂ അബ്ദുല്ലാഹ് എന്നായിരുന്നു.പിതാവിന്റെ പേര് മിഅഖിൽ എന്നാണ്. അദ്ദേഹം മുതിർന്ന സഹാബാക്കളിൽ എണ്ണപ്പെടുന്നു. നബി(സ)യ്ക്ക് മുമ്പ് തന്നെ മദീനയിലേയ്ക്ക് ഹിജ്റത്ത് ചെയ്തു. റസൂലുല്ലാഹ്(സ) ഹദ്റത്ത് സാലിമിനും മആദ് ബിൻ മാഅസിനും ഇടയിൽ സഹോദരബന്ധം സ്ഥാപിച്ചു.

മദീനയിലേയ്ക്ക് ഹിജ്റത്ത് ചെയ്തതിന് ശേഷം അദ്ദേഹം ഹദ്റത്ത് അബാദ് ബിൻ ബിശറിന്റെ ഭവനത്തിൽ താമസിച്ചു. ഹദ്റത്ത് ഉമർ നിവേദനം ചെയ്യുന്നു: മക്കയിൽ നിന്ന് മദീനയിലേയ്ക്ക് ആദ്യമായി വന്ന മുഹാജിരീങ്ങൾ ഖുബായ്ക്ക് സമീപം അസ്ബഎന്ന സ്ഥലത്ത് താമസിച്ചു. ഹദ്റത്ത് സാലിമാണ് ഇമാമത്ത് നിർവഹിച്ചിരുന്നത്. കാരണം അവരിൽ ഏറ്റവും കൂടുതൽ വിശുദ്ധ ഖുർആൻപരിജ്ഞാനം അദ്ദേഹത്തിനായിരുന്നു.

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എഴുതുന്നു: അറിവിലും ശ്രേഷ്ഠതയിലും ചില സ്വതന്ത്രരായ അടിമകളും വലിയ സ്ഥാനം കരസ്ഥമാക്കിയിരുന്നു. അപ്രകാരം ഹദ്റത്ത് സാലിം ബിൻ മഅഖൽ മൗലാ അബി ഹുദയ്ഫയും പ്രഗൽഭ പണ്ഡിതരായ സഹാബാക്കളിൽ ഗണിക്കപ്പെട്ടിരുന്നു. നബി(സ) വിശുദ്ധ ഖുർആൻ പഠിപ്പിക്കുന്നതായി നിയമിച്ച നാല് സഹാബാക്കളിൽ ഒന്ന് സാലിം ആയിരുന്നു. നിവേദനത്തിൽ വരുന്നു, നബി(സ) പറഞ്ഞു: ഈ നാല് സഹാബാക്കളിൽ നിന്ന് വിശുദ്ധ ഖുർആന്റെ അറിവ് കരസ്ഥമാക്കുക. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മസ്ഊദ്, ഹദ്റത്ത് സാലിം മൗലാ അബൂ ഹുദയ്ഫ, ഹദ്റത്ത് അബീ ബിൻ കഅബ്, ഹദ്റത്ത് മആദ് ബിൻ ജബൽ.

മറ്റൊരു നിവേദനത്തിൽ വരുന്നു: ഒരിക്കൽ ഹദ്റത്ത് ആയിശ(റ)യ്ക്ക് നബി(സ)യുടെ അടുക്കൽ വരുന്നതിൽ താമസം നേരിട്ടു. നബി(സ) കാരണം അന്വേഷിച്ചപ്പോൾ പറഞ്ഞു: ഒരു ഖാരി വളരെ മനോഹരമായി വിശുദ്ധ ഖുർആൻ പാരായണം ചെയ്യുന്നതായി കേട്ടു. അങ്ങനെ അത് കേട്ട് നിന്നതിനാൽ വൈകിപോയി. നബി(സ) തന്റെപുതപ്പെടുത്ത് ധരിച്ചു. പുറത്തിറങ്ങി നോക്കിയപ്പോൾ ഹദ്റത്ത് സാലിം തിലാവത്ത് ചെയ്യുന്നതായി കണ്ടു. അതിൽ അദ്ദേഹം പറഞ്ഞു: താങ്കളെപോലുള്ള ഖാരിയെ എന്റെ ഉമ്മത്തിൽ സൃഷ്ടിച്ചഅല്ലാഹുവിന് നന്ദി.

ഹദ്റത്ത് ഖതാദ നിവേദനം ചെയ്യുന്നു, ഉഹദ് യുദ്ധ ദിവസം നബി(സ)യ്ക്ക് മുറിവേറ്റു. ഹദ്റത്ത് സാലിം നബി(സ)യുടെ മുറിവ് വൃത്തിയാക്കി കൊണ്ടിരിക്കുമ്പോൾ നബി(സ) പറഞ്ഞു: തന്റെ നബിയോട് ഈവിധം പ്രവർത്തിച്ച സമൂഹം എങ്ങനെവിജയം കരസ്ഥമാക്കും. ഹദ്റത്ത് സാലിം വിവരിക്കുന്നു: റസൂൽ(സ) പറഞ്ഞു: അന്ത്യദിനത്തിൽ ഒരു സമൂഹത്തെ കൊണ്ട് വരുന്നതാണ്. ഹുസൂർ തിരുമനസ്സ് പറയുന്നു: വളരെ ശ്രദ്ധയോടെ കേൾക്കേണ്ട കാര്യമാണ്. അന്ത്യദിനത്തിൽ ഒരു സമൂഹത്തെ കൊണ്ട് വരുന്നതാണ്. അവരോടൊപ്പം തഹാമയുടെ പർവ്വതങ്ങൾ കണക്കെ നന്മകൾ ഉണ്ടായിരിക്കും. എന്നാൽ അത് സമർപ്പിക്കപ്പെടുമ്പോൾ അല്ലാഹു ആ എല്ലാ നന്മകളെയും പാഴാക്കി കളയുന്നതാണ്. അവരെ തീയിൽ പ്രവേശിപ്പിക്കുന്നതാണ്. അതിൽ ഹദ്റത്ത് സാലിം ചോദിച്ചു: അല്ലാഹുവിന്റെ റസൂലേ! എന്റെ മാതാപിതാക്കൾ അങ്ങയ്ക്ക് ബലി ആയിരിക്കട്ടെ, ഞങ്ങൾ അവരെ തിരിച്ചറിയുന്നതിനായി അവരുടെ അടയാളങ്ങൾ ഞങ്ങൾക്ക് പറഞ്ഞ് തന്നാലും. അങ്ങയെ സത്യത്തോട് കൂടി അയച്ച ആ അസ്ഥിത്വത്തെ കൊണ്ട് സത്യം! ഞാൻ ചിലപ്പോൾ അതിൽ ഉൾപ്പെട്ട് പോകുമോ എന്ന് ഭയപ്പെടുന്നു. നബി(സ) പറഞ്ഞു: അവർ നോമ്പ് അനുഷ്ഠിക്കുന്നവരായിരിക്കും നമസ്കാരം നിർഹിക്കുന്നവരായിരിക്കും രാത്രിയിൽ അല്പം മാത്രമായിരിക്കും ഉറങ്ങുക. നഫലുകളും നിർവഹിക്കുന്നതാണ്. എന്നാൽ അവരുടെ മുന്നിൽ നിഷിദ്ധമായവ സമർപ്പിക്കപ്പെടുമ്പോൾ അതിൽ ചാടി വിഴുന്നതാണ്. അതായത് അവിടെ ഭൗതീക അത്യാഗ്രഹത്തിൽ വീണു കിടക്കുന്നു. അവർ ഹറാം ഏത് ഹലാൽ ഏത് എന്നൊന്നും നോക്കുകയില്ല. അതു കാരണം അല്ലാഹു അവരുടെ കർമങ്ങൾ പാഴാക്കി കളയുന്നതാണ്. ഹുസൂർ തിരുമനസ്സ് പറയുന്നു: ഇത് എപ്പോഴും ചിന്തികേണ്ടതും ഭയക്കേണ്ടതുമായ കാര്യമാകുന്നു. അല്ലാഹു എല്ലാവർക്കും സ്വയം പരിശോധനയ്ക്ക് വിധേയമാക്കുന്നതിന് എപ്പോഴും തൗഫീഖ് നല്കുമാറാകട്ടെ.

ഹുസൂർ തിരുമനസ്സ് പറയുന്നു: ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉമറിന്റെ മക്കളുടെ പേരുകൾ സാലിം, വാഹിദ്, അബ്ദുല്ലാഹ് എന്നായിരുന്നു. അദ്ദേഹം ചില മുതിർന്ന സഹാബാക്കളുടെ പേരുകൾ നല്കിയിരുന്നു. അതിൽ ഒരാളുടെ പേര് സാലിം മൗലാ അബുഹുദയ്ഫയുടെ പേരായ സാലിം എന്ന് വച്ചിരുന്നു. ഹദ്റത്ത് സഈദ് ബിൻ അൽ മുസയ്ബ് വിവരിക്കുന്നു, എന്നോട് ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉമർ പറഞ്ഞു: എന്റെ മകന്റെ പേര് സാലിം എന്ന് വച്ചത് എന്ത്കൊണ്ടാണെന്ന് നിനക്കറിയാമോ? ഞാൻ പറഞ്ഞു: എനിക്കറിയില്ല. അതിൽ അദ്ദേഹം പറഞ്ഞു: ഞാൻ എന്റെ മകന്റെ പേര് ഹദ്റത്ത് സാലിം മൗലാ അബൂഹുദയ്ഫയുടെ പേരായ സാലിം എന്നാണ് വച്ചിരിക്കുന്നത്. പിന്നീട് പറയാൻ തുടങ്ങി, ഞാൻ എന്റെ മകന്റെ

പേര് വാഖിദ് എന്ന് വച്ചത് എന്ത്കൊണ്ടാണെന്ന് നിനക്കറിയാമോ? ഞാൻ പറഞ്ഞു: ഇല്ല, എനിക്കറിയില്ല. അദ്ദേഹം പറഞ്ഞു: ഹദ്റത്ത് വാഖിദ് ബിൻ അബ്ദുല്ലാഹ് യർബൂഈയുടെ പേരാണ് വച്ചിരിക്കുന്നത്. പിന്നീട് ചോദിച്ചു: എന്റെ മകന്റെ പേര് അബദുല്ലാഹ് എന്ന് വച്ചത് എന്ത് കൊണ്ടാണെന്ന് നിനക്കറിയാമോ? ഞാൻ അറിയില്ലായെന്ന് പറഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു: അത് ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ റവാഹയുടെ പേരായ അബ്ദുല്ലാഹ് എന്നാണ് വെച്ചത്.

ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉമർ നിവേദനം ചെയ്യുന്നു, ഒരു യുദ്ധത്തിൽ ഞങ്ങൾ റസൂലുല്ലാഹ്(സ)യ്ക്ക് ഒപ്പമുണ്ടായിരുന്നു. യുദ്ധം ശക്തമായതിനാൽ കുറച്ച് ആളുകൾ ഭയചകിതരായി. ഞാൻ എന്റെ ആയുധം എടുത്തു. എന്റെ ദൃഷ്ടി ഹദ്റത്ത് സാലിമിൽ പതിഞ്ഞു. അദ്ദേഹത്തിന്റെ കൈവശവും ആയുധമുണ്ടായിരുന്നു. മുഖം ശാന്തിയിലും സമാധാനത്തിലുമായിരുന്നു. യാതൊരു ഭയവും കണ്ടില്ല. മുന്നോട്ട് കുതിക്കുകയായിരുന്നു. ഞാനും അദ്ദേഹത്തിന്റെ പുറകെ നടക്കാൻ തുടങ്ങി. അങ്ങനെ റസൂലുല്ലാഹ്(സ)ന്റെ അടുത്ത് ഹാജറായി. നബി(സ) നീരസം പ്രകടിപ്പിച്ച് കൊണ്ട് പുറത്ത് വന്നു. പറഞ്ഞു: ജനങ്ങളെ! ഇത് എന്ത് പരിഭ്രമവും ഭയവുമാണ്? ഈ രണ്ട് വിശ്വാസികളെ പോലുള്ള ധൈര്യം പ്രകടിപ്പിക്കാൻ നിങ്ങൾ കെല്പ്പില്ലാത്തവരായി മാറിയോ?

ഹദ്റത്ത് ഇബ്രാഹീം ബിൻ ഹൻദല തന്റെ പിതാവിൽ നിന്ന് നിവേദനം ചെയ്യുന്നു, യമാമ യുദ്ധ ദിവസം ഹദ്റത്ത് സാലിമനോട് പറയപ്പെട്ടു. താങ്കൾ കൊടി സംരക്ഷിച്ചാലും. എന്നാൽ മറ്റ്ചിലർ പറഞ്ഞു: ഞങ്ങൾക്ക് അങ്ങയുടെ ജീവനിൽ ഭയമുണ്ട്. അതിനാൽ മറ്റാർക്കെങ്കിലും കൊടിയുടെ സുരക്ഷ നല്കാം. അപ്പോൾ സാലിം പറഞ്ഞു: എനിക്ക് വിശുദ്ധ ഖുർആന്റെ അറിവ് നല്ലവണ്ണമുണ്ടായിരിക്കെ ഞാൻ അതനുസരിച്ച് പ്രവർത്തിക്കുന്നില്ലായെങ്കിൽ വളരെ മോശമാണ്. അങ്ങനെ യുദ്ധവേളയിൽ അദ്ദേഹത്തിന്റെ വലത് കൈ മുറിക്കപ്പെട്ടപ്പോൾ അദ്ദേഹം കൊടി ഇടത് കൈകൊണ്ട് പിടിച്ചു. ഇടത് കൈയും മുറിക്കപ്പെട്ടപ്പോൾ കഴുത്ത് കൊണ്ട് അതിനെ അമർത്തി പിടിച്ച് ഇങ്ങനെ പറയാൻ തുടങ്ങി.

وَمَا مُحَمَّدٌ اِلَّا رَسُوْلٌ - وَكَاَيِّنْ مِّنْ نَّبِيٍّ قٰتَلَ مَعَهٗ رِبِّيُّوْنَ كَثِيْرٌ

അതായത് മുഹമ്മദ്(സ) അല്ലാഹുവിന്റെ റസൂലാകുന്നു. എത്രയോ നബിമാരോടൊപ്പം ചേർന്ന് ഒരുപാട് വിശുദ്ധ ജനങ്ങൾ യുദ്ധം ചെയ്തിരിക്കുന്നു. അങ്ങനെ ഹദ്റത്ത് സാലിം നിലത്ത് വീണപ്പോൾ തന്റെ കൂട്ടാളികളോട് ചോദിച്ചു: അബൂ ഹുദയ്ഫയുടെ അവസ്ഥ എന്താണ്? ആളുകൾ മറുപടി നല്കി, അദ്ദേഹം ശഹീദാക്കപ്പെട്ടു. പിന്നെ മറ്റൊരാളുടെ പേരെടുത്ത് ചോദിച്ചു: അയാളുടെ അവസ്ഥ എന്താണ്? അയാളും ശഹീദായിയെന്ന് മറുപടി ലഭിച്ചു. അപ്പോൾ ഹദ്റത്ത് സാലിം പറഞ്ഞു: എന്നെ അവരുടെ ഇടയിൽ കിടത്തുക. അങ്ങനെ അദ്ദേഹവും ശഹീദായി. ഹദ്റത്ത് സയ്ദ് ബിൻ സാബിത്ത് നിവേദനം ചെയ്യുന്നു: ഹദ്റത്ത് സാലിം ശഹീദാക്കപ്പെട്ടപ്പോൾ ആളുകൾ പറയാൻ തുടങ്ങി, ഖുർആന്റെ നാലിൽ ഒരുഭാഗം പോയിരിക്കുന്നു. അതായത് ഖുർആൻ പഠിപ്പിക്കുന്നതിനായി നബി (സ) പേര് പറഞ്ഞ നാല് പണ്ഡിതൻമാരിൽ ഒരാൾ മരണപ്പെട്ടു.

അടുത്തതായി വിവരിക്കുന്ന സഹാബിയുടെ പേര്, ഉത്ബാൻ ബിൻ മാലിക്ക് എന്നാണ്. അദ്ദേഹത്തിന്റെ ബന്ധം ഖസ്റജിന്റെ ശാഖയായ ബനൂ സാലിം ബിൻ ഔഫുമായാണ്. റസൂലുല്ലാഹ് (സ) അദ്ദേഹത്തിനും ഹദ്റത്ത് ഉമറിനുമിടയിൽ സാഹോദര്യബന്ധം സ്ഥാപിച്ചു. അദ്ദേഹം ബദർ, ഉഹദ്, ഖന്ദഖ് യുദ്ധങ്ങളിൽ പങ്കെടുത്തു. റസൂലുല്ലാഹ്(സ) യുടെ ജീവിത കാലഘട്ടത്തിൽ തന്നെ അദ്ദേഹത്തിന്റെ കാഴ്ച നഷ്ടപ്പെട്ട് കൊണ്ടിരുന്നു. അദ്ദേഹം ഹദ്റത്ത് മുആവിയായുടെ ഭരണകാലഘട്ടത്തിൽ വഫാത്തായി. ഒരു നിവേദനത്തിൽ വരുന്നു, ഹദ്റത്ത് ഉത്ബാൻ ബിൻ മാലിക്കിന് കാഴ്ച നഷ്ടമായി. അദ്ദേഹം നബി കരീം(സ)യോട് ജമാഅത്തായ നമസ്കാരത്തിൽ നിന്ന് അകലം പാലിക്കുന്നതിന് അനുവാദം ചോദിച്ചു. അവിടുന്ന് പറഞ്ഞു: നിനക്ക് ബാങ്കിന്റെ ശബ്ദം കേൾക്കാൻ സാധിക്കുമോ? ഹദ്ത്ത് ഇത്ബാൻ പറഞ്ഞു: അതെ. അപ്പോൾ റസൂലുല്ലാഹ്(സ) അദ്ദേഹത്തിന് അനുവാദം നല്കിയില്ല. ബുഖാരിയിലെ നിവേദത്തിൽ നിന്ന് മനസിലാകുന്നത്, പിന്നീട് നബി ഹദ്റത്ത് ഇത്ബാന് വീട്ടിൽ നമസ്കരിക്കാനുള്ള അനുവാദം നല്കിഎന്നാണ്. എന്നാൽ എവിടെ നമസ്കരിച്ചാലും ജമാഅത്തോട് കൂടി നമസ്കരിക്കണമെന്ന നിബന്ധനയോട് കൂടിയുള്ളതായിരുന്നു. നബി (സ) ഹദ്റത്ത് ഉത്ബാന്റെ അപേക്ഷ പ്രകാരം അദ്ദേഹത്തിന്റെ ഭവനത്തിൽ ചെന്ന് ഒരു സ്ഥലത്ത് നമസ്കാരം നിർവഹിച്ചു. ആ സ്ഥലം ജമാഅത്തായ നമസ്കരാത്തിന് വേണ്ടി പ്രത്യേകപ്പെടുത്തി.

ഹുസൂർ തിരുമനസ്സ് പയുന്നു: അതുകൊണ്ട് എപ്പോഴും ഈ കാര്യം ഓർമ്മയിൽ സൂക്ഷിക്കുക. ദൂരം കൂടുതലാണ്, വാഹനമില്ല, സമയം ലഭിക്കുന്നില്ല എങ്കിൽ അഹ്മദികൾ അവരുടെ വീട്ടിൽ തന്നെ നമസ്കാര സെന്റർ നിർമ്മിക്കുകയും ചുറ്റുമുള്ളവരെ ഒരുമിച്ച് കൂടി ജമാഅത്തായി നമസ്കരിക്കുകയും ചെയ്യുക. അല്ലാഹു നമ്മുക്ക് ഏവർക്കും അവന്റെ കൽപനകൾ അനുസരിച്ച് പ്രവർത്തിക്കുവാൻ തൗഫീഖ് നല്കുമാറാകട്ടെ.

ഹുസൂർ തിരുമനസ്സ് പറയുന്നു: ഇനി ഞാൻ ചില വഫാത്തായവരെ സംബന്ധിച്ച് പറയുന്നതാണ്. അവരുടെ ജനാസ നമസ്കാരം നിർവഹിക്കുന്നതുമാണ്. ആദ്യം ബ

ഹുമാനപ്പെട്ട ഗുലാം മുസ്തഫ അഅ്വാൻ സാഹിബ് റബ്വയുടെതാണ്. മാർച്ച് 16 ന് 78-ാം വയസ്സിൽ അദ്ദേഹം വഫാത്തായി اِنَّا لِلّٰهِ وَاِنَّآ اِلَيْهِ رٰجِعُوْنَ അല്ലാഹുവിന്റെ അനുഗ്രഹത്താൽ അദ്ദേഹം ജന്മനാ അഹ്മദിയായിരുന്നു. അദ്ദേഹത്തിന്റെ കുടുംബം അദ്ദേഹത്തിന്റെ പിതാവ് ദീവാൻ ബക്ശ് സാഹിബിലൂടെയാണ് അഹ്മദിയ്യത്തിൽ പ്രവേശിച്ചത്. മർഹൂം അഞ്ച്നേര നമസ്കാരങ്ങൾ കൃത്യമായുംഅതുപോലെ തഹ്ജ്ജുദും നിർവഹിക്കുന്ന തഖ്വയും സഹാനുഭൂതിയുമുള്ള മനുഷ്യനും മറ്റുള്ളവരുടെ അഭ്യുദയ കാംക്ഷിയും സൽസ്വഭാവിയും ലളിതപ്രകൃതനുമായിരുന്നു. ധാരാളം ദുആ ചെയ്യുന്നയാളും അതിഥി സൽക്കാരപ്രിയനും ദരിദ്രരെ സഹായിക്കുന്നയാളും ബന്ധുകളോട് കാരുണ്യത്തോട് പെരുമാറുകയും ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കുകയും ചെയ്യുന്ന നന്മ നിറഞ്ഞ മനുഷ്യനുമായിരുന്നു. ജമാഅത്ത് വ്യവസ്ഥിതിയോടും ഖിലാഫത്തിനോടും അങ്ങേയറ്റം ആഴത്തിലുള്ള ബന്ധം പുലർത്തിയിരുന്നു. അല്ലാഹു മർഹൂമിന്റെ പദവികൾ ഉയർത്തുമാറാകട്ടെ.

രണ്ടാമത്തെ ജനാസ മുഹമ്മദ് നവാസ് സാഹിബ് കാർഗഡിയുടെ ഭാര്യയായ ബഹുമാന്യ അമത്തുൽ ഹയ്യ് സാഹിബയുടെതാണ്. അവർ മാർച്ച് 15 ന് വഫാത്തായി اِنَّا لِلّٰهِ وَاِنَّآ اِلَيْهِ رٰجِعُوْنَ അവർക്ക് രണ്ട് വയസ്സ് പ്രായമുള്ളപ്പോൾ പിതാവ് വഫാത്തായി. അവരുടെ പിതാവിന്റെ മൂത്ത സഹോദരനാണ് പിന്നെ അവരെ പരിപാലിച്ചത്. മർഹൂമ ജന്മനാ അഹ്മദിയായിരുന്നു. അവരുടെ കുടുംബം 1903 ലാണ് ജമാഅത്തിൽ പ്രവേശിക്കുന്നത്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അവർ മൂസിയായിരുന്നു. അല്ലാഹു അവർക്ക് ആറ് ആൺമക്കളെയും അഞ്ച് പെൺമക്കളെയും നല്കി അനുഗ്രഹിച്ചിരുന്നു. അവരുടെ മകൻ ഹാഫിസ് മഹ്മൂദ് സാഹിബ് വിവരിക്കുന്നു: ഞങ്ങളുടെ മാതാപിതാക്കൾ ജീവിതം മുഴുവനും ജമാഅത്തിന്റെ സേവനത്തിനാണ് മുൻതൂക്കം നല്കിയിരുന്നത്. ഞങ്ങളെ ജമാഅത്ത് വ്യവസ്ഥിതിയോടും അഹ്മദിയ്യാ ഖിലാഫത്തിനോടും കൂട്ടി ചേർക്കുന്നതിനും നമസ്കാരങ്ങൾ ജമാഅത്തായി നിർവഹിക്കുന്നതിനും വേണ്ടി എല്ലാവിധ ത്യാഗങ്ങൾക്കും തയ്യാറായിരുന്നു. അല്ലാഹു അവരുടെ പദവികൾ ഉയർത്തട്ടെ. മഗ്ഫിറത്തോട് കൂടി പെരുമാറട്ടെ. അവരുടെ സന്താനങ്ങൾക്കും അവരുടെ തലമുറകൾക്കും അവരുടെ നന്മകൾ തുടർന്ന് പോകുവാനുള്ള തൗഫീഖ് നല്കുമാറാകട്ടെ.

اَلْحَمْدُ لِلّٰہِ نَحْمَدُہٗ وَ نَسْتَعِیْنُہٗ وَ نَسْتَغْفِرُہٗ وَنُؤْمِنُ بِہٖ وَنَتَوَکَّلُ
عَلَیْہِ وَنَعُوْذُ بِاللّٰہِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَیِّئَاتِ اَعْمَالِنَا مَنْ
یَّھْدِہِ اللّٰہُ فَلَا مُضِلَّ لَہٗ وَمَنْ یُّضْلِلْہُ فَلَا ھَادِیَ لَہٗ ۔ وَنَشْھَدُ اَنْ لَّا
اِلٰہَ اِلَّا اللّٰہُ وَنَشْھَدُ اَنَّ مُحَمَّدًا عَبْدُہٗ وَرَسُوْلُہٗ ۔ عِبَادَ اللّٰہِ رَحِمَکُمُ
اللّٰہُ اِنَّ اللّٰہَ یَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِیْتَآءِ ذِی الْقُرْبٰی وَ یَنْھٰی
عَنِ الْفَحْشَآءِ وَ الْمُنْکَرِ وَ الْبَغْیِ یَعِظُکُمْ لَعَلَّکُمْ تَذَکَّرُوْنَ
اُذْکُرُوا اللّٰہَ یَذْکُرْکُمْ وَ ادْعُوْہُ یَسْتَجِبْ لَکُمْ وَلَذِکْرُ اللّٰہِ اَکْبَرُ ۔

Friday Sermon delivered by **Hadrat Khalifathul Masih Al-khamis** (atba)
at Baithul Futuh,London – on 29.03.2019
Malayalam Translation : **Hashim Ashraf,** For Malayalam Desk,Qadian.
Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516